## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1356

21.03.2012 ലെ മറുപടിക്ക്

### സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ നിലനിൽപ്പിന് എന്തെങ്കിലും ഭീഷണി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ നിലനിൽപ്പിന് ഭീഷണികളൊന്നും നിലവിലില്ല. |
| ബി) പുതിയ സഹകരണ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) പുതിയ സഹകരണ സ്ഥാപനങ്ങൾ തുടങ്ങുന്നതിലേക്കായി പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമാകുന്ന സാഹചര്യത്തിൽ അവ നൽകുന്നതാണ്. |
| സി) പ്രാഥമിക സഹകരണ സംഘങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹകരണ മേഖലയുടെ സേവനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | സി) സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>1. 200 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം/ബാങ്കുകൾക്ക് സർക്കാർ ഓഹരി മൂലധനം നൽകുന്നത്.<br>2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന 2500 കോടി രൂപ കാർഷിക വായ്പയായി നൽകുന്നത്.<br>3. കാർഷിക വായ്പ കൃത്യമായി തിരിച്ചടക്കുന്ന കുറഞ്ഞത് 25000 കർഷകർക്ക് പലിശയിൽ കിഴിവ്/സബ്സിഡി നൽകുന്നത്.<br>4. നെൽകൃഷിക്ക് എടുത്തിട്ടുള്ള വായ്പയുടെ പലിശ പൂർണ്ണമായും സംഘങ്ങൾക്ക് റീ ഇംബേഴ്സ് ചെയ്ത് നൽകുകയും, അപ്രകാരം കുറഞ്ഞത് 30000 നെൽകർഷകർക്ക് പലിശ രഹിത വായ്പ ലഭ്യമാക്കുകയും ചെയ്യുന്നത്.<br>5. കർഷകർക്ക് കൃത്യസമയത്ത് വിത്തും വളവും ലഭ്യമാക്കുന്നതിനായി 50 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുറക്കുന്നത്. |

6. എൻ.സി.ഡി.സി. ധനസഹായത്തോടെ ഗ്രാമ പ്രദേശങ്ങളിൽ 20 ഗോഡൗണുകൾ നിർമ്മിക്കുന്നത്.

7. നിലവിലുള്ള 5 പ്രോസസിംഗ് യൂണിറ്റുകളിൽ ആധുനിക മെഷീനറികൾ സ്ഥാപിച്ച് കൊണ്ട് കാർഷിക സംസ്കരണ മേഖല ശക്തിപ്പെടുത്തുന്നത്.

8. സംസ്ഥാന പദ്ധതി/എൻ.സി.ഡി.സി/മറ്റ് കമ്മോഡിറ്റി ബോർഡുകൾ എന്നിവയുടെ ധനസഹായത്തോടെ 10 കൊപ്ര/നെല്ല് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നത്.

9. കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന ഉത്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 50 ദീർഘകാല സംരംഭക ലോൺ നൽകുന്നത്.

10. മൂലധനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 10 ആരോഗ്യ സംരക്ഷണ/ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നത്.

11. 10 ആശുപത്രി സഹകരണ സംഘങ്ങളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, അധികമായി 100 കിടക്കകൾ കൂടുതലായി വർദ്ധിപ്പിക്കുന്നതിനും, 5 പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നത്.

12. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും പുതിയ ഗസ്റ്റ് ഹൗസുകൾ/ റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും ഇതിലൂടെ 50 പുതിയ തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനുമായി 5 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നത്.

13. വിദ്യാഭ്യാസ മേഖലയിൽ 2 പുതിയ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നത്.

14. സഹകരണ വിദ്യാഭ്യാസ മേഖലയിൽ അഞ്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്നത്.

15. പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുമായി 80 പുതിയ ത്രിവേണി സ്റ്റോറുകൾ, 80 സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ,

3 ഒഴുകുന്ന ത്രിവേണി സ്റ്റോർ, 125 നീതി മെഡിക്കൽ സ്റ്റോർ, 4 നീതി മെഡിക്കൽ വെയർഹൗസുകൾ എന്നിവ കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നത്.

16. 'നന്മ' പദ്ധതിയിൻ കീഴിൽ 10 ഇനം അവശ്യനിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നതിനായി 2000 വില്പന കേന്ദ്രങ്ങളും, 20 കൺസ്യൂമർ യൂണിറ്റുകളും 5000 ഉത്സവകാല ചന്തകളും ആരംഭിക്കുന്നത്.

17. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-ന്റെ നിയന്ത്രണത്തിലുള്ള പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ 'വിവര സാങ്കേതിക വിദ്യ'യിൽ എം.ടെക് ബാച്ചും, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ബി.ടെക് ബാച്ചും ആരംഭിക്കുന്നത്.

18. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി ഇവയുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയമിക്കുന്നത്.

19. 50 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും 50 വനിതാ സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കുന്നത്.

20. സംസ്ഥാന പദ്ധതി/എൻ.സി.ഡി.സി. പദ്ധതി പ്രകാരം 20 എസ്.സി/എസ്.റ്റി. സംഘങ്ങൾക്കും 20 വനിതാ സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നത്.

21. സംസ്ഥാന പദ്ധതി/എൻ.സി.ഡി.സി. പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെ സംസ്ഥാനത്തെ നെല്ല് സംസ്കരണ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നത്.

22. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ കീഴിലുള്ള 'ആയുർധാര' ആയുർവേദ മരുന്നു നിർമ്മാണ യൂണിറ്റ് എൻ.സി.ഡി.സി. പദ്ധതിപ്രകാരം പുനരുദ്ധരിക്കുന്നത്.

23. സംസ്ഥാനത്ത് സഹകരണ മേഖലയുടെ വളർച്ചയ്ക്ക് അനുസൃതമായി സഹകരണ വകുപ്പ് പുനഃസംഘടിപ്പിക്കുന്നത്.

24. സംസ്ഥാനത്തെ 15000 സഹകരണ സംഘങ്ങളുടെ ആഡിറ്റ് ഈ ഒരു വർഷത്തി

ങ്ങളിൽ പൂർത്തീകരിക്കുന്നത്.

25. കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ 2 ശീതീകരിച്ച ഗോഡൗണുകൾ ആരംഭിക്കുന്നത്.

26. കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി ആസ്ഥാനമായി റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്.

27. കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിൽ ഒരു ഫാർമസി കോളേജ് ആരംഭിക്കുന്നത്.

28. സഹകരണ വകുപ്പിനുള്ളിൽ തന്നെ "Agency for Promotion of Co-operative Agriculture Credit" എന്ന പ്രത്യേക സംവിധാനം രൂപീകരിക്കുന്നത്.

29. താലൂക്ക് തലത്തിൽ നീതിമെഡിക്കൽസ്, സഹകരണ ക്ലിനിക്കൽ ലബോറട്ടറി എന്നിവ ആരംഭിക്കുന്നത്.

30. "സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2011" നടപ്പിലാക്കുന്നത്.

31. സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കാൻ അനുമതി നൽകുന്നത്.

32. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ മിനറൽ വാട്ടർ വിപണനം ചെയ്യുന്നത്.

ഇതിന് പുറമെ സംസ്ഥാന പദ്ധതിയിലെ എൻ.സി.ഡി.സി/നബാർഡ് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ പുതിയ പദ്ധതികൾ നടപ്പിലാക്കി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും തദ്വാര സാധാരണ ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ